പുളകാങ്കുരം.

ഗ്രന്ഥകർത്താ:

നാലപ്പാട്ടു് നാരായണമേനോൻ.

പ്രസാധകൻ:

സി. പി. ഗോവിന്ദൻനായർ, ബി. എ; എൽ. ററി.

1108

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.

വില 10_ണ.

വിഷയവിവരം.

പുളകാങ്കുരം.

മംഗളം.

മങ്കത്തയ്യോളിമൈമിന്നപ്പെഴുമിളം–
പത്രപ്പടപ്പിൽത്തനി–
ത്തങ്കത്തൂലിക്കൊണ്ടു താരണിമണം
ക്കൂട്ടം നിറക്കൂട്ടിനാൽ
കൺകക്കും വിധമാതതാഭ്രമറയിൽ–
ത്താൻ നിന്നു മായാമയി–
സങ്കല്പത്തെ വരയ്ക്കുമാദിമകലാ–
കൌതൂഹലത്തെത്തൊഴാം.

ഇന്നത്തെ അമ്മ.

(മഞ്ജരി)

കാലത്തുണർന്നു കിടന്നു കളിക്കും തൻ-
ബാലത്തിടമ്പിനെത്താലോലിച്ചു,
ചേലഞ്ചുമോമനക്കൊച്ചുമുഖം കൺക-
ളാലേ നുകർന്നുകൊണ്ടമ്മ ചൊന്നാൾ:—

"പൊന്നുമകനേ, നിനക്കു നിരന്തരം
നിന്നമ്മ നേരുന്നു നന്മംഗളം!
ചിന്നും രസത്താൽച്ചിരിക്കുമെൻ പൈതലീ
മന്നിലെജ്ജീവിതമെന്തറിഞ്ഞു!
പൂവുപോലുള്ള നിൻ തൂമൈ തലോടുമ്പോൾ
നോവുമോ എന്നു ഞാൻ ശങ്കിക്കുന്നു;
ദൈവം നിനക്കു കുറിച്ചുവെച്ചുള്ളോരു
ജീവിതപ്പോരെത്ര നിഷ്ഠുരമോ?
കള്ളത്തരവും ചതിയും നിറഞ്ഞൊരു
വെള്ളപ്പുറംപൂച്ചാണീ പ്രപഞ്ചം;
വല്ലതും കാണിച്ചു ശീലിക്കാത്തോരുടെ
നല്ലൊരു വംശത്തിനങ്കുരം നീ:
പൂർവികന്മാരുടെ പുണ്യപദം ചേർന്ന
പാവനമായ പന്ഥാവിലൂടേ

പാരിലവരെക്കാളുന്നതസ്ഥാനത്തി-
ലേറിയെന്നുണ്ണിയെക്കാണ്മനോ ഞാൻ!

"ദൈവം നിനക്കു തുണയ്ക്കുമെൻ പൈതലേ;
നീ വശംചാരാതെ നേർവഴിയേ
പോവുക, പോവുകൊ,-രമ്മതന്നാത്മന-
സ്സാവതുണ്ടെങ്കിലോ നന്മതാൻ തേ.
പേടിപ്പെട്ടത്തുകിൽപ്പിന്തിരിഞ്ഞീടാതെ,
മാടിവിളിപ്പതും മാനിയാതെ,
പട്ടതാനാകിലും വെട്ടതാനാകിലും
കിട്ടുന്നവയിൽ മനസ്സൂന്നാതെ,
നാലുഭാഗത്തുള്ളോരെത്ര നിന്ദിച്ചുവെ-
ന്നാലുമെത്രയ്ക്കു പുകഴ്ത്തിയാലും
ആകാശംതന്നെയിടിഞ്ഞുവീണീടിലു-
മാകാത്ത കർമ്മത്തിൽക്കൈച്ചെല്ലാതെ,—
ഇമ്മണ്ണുകോമളച്ചുണ്ടാൽ നുകർന്നുള്ളൊ-
രമ്മിഞ്ഞപ്പാലു ദുഷിപ്പിയ്ക്കാതെ,
എന്മകനെത്തിടുകെത്തേണ്ട ദിക്കിലീ-
യമ്മയെ മുററുമൊരമ്മയാക്കാൻ!

" 'ജീവിതയാത്രയ്ക്കു കയ്യിലിരിയ്ക്കേണ്ട-
താവതുമെന്നിലടപ്പിയ്ക്കാതെ,

പാവമായുള്ളിക്കുടുംബത്തിലല്ലയോ
ദൈവമെനിയ്ക്കു പിറവി തന്നു!'
എവമെന്നോമനക്കുഞ്ഞിനു കുഞ്ഞിത-
ഭാവമുണ്ടാകരുതൊട്ടുപോലും:
കേവലാത്മാവാകുമീശ്വരൻ നിന്നിലു-
മാവിധമേതു മഹർഷിയിലും
രാജ്യം ഭരിയ്ക്കുന്ന രാജരാജങ്കലും
പൂജ്യനായത്രേ പ്രവർത്തിയ്ക്കുന്നു!
സർവ്വവിജ്ഞാനവും സർവ്വമഹത്ത്വവും
സർവ്വഥാ തിങ്ങുമസ്സച്ചൈതന്യം
കൈവശം വെച്ചുകൊ'ണ്ടാവു ഞാൻ പാവ'മെ-
ന്നാവലാതിപ്പെട്ടാൽ പാപമത്രേ!
അല്ലെങ്കിൽത്തന്നെ നാമൈശ്വര്യവസ്തുവെ-
യല്ലല്ലോ പണ്ടും ഭജിച്ചപോന്നു:
ആനത്തുകിലുമുടുത്തു നടന്നഖി-
മാനമില്ലാതിരന്നുണ്ണമായി,
മാമലയിങ്കലിരുന്നരുളീടുന്നാ
ശ്രീമഹാദേവൻ നമുക്കു ദൈവം.
നമ്മുടെ ജ്വലിതമാതൃക കാണില്ലേ്ലാ-
രമ്മഹർഷീന്ദ്രരോ, ഹന്ത! നിത്യം
കായും കനിയും പറിച്ചു തിന്നങ്ങിനെ

ഇന്നേത്തെ അമ്മ

കാടകംതന്നിൽക്കഴിഞ്ഞിരുന്നോർ.
ഇങ്ങിനെയുള്ള സദ്വംശതന്തുക്കൾതൻ-
ന്നിംഗിതം താഴുമോ ദാരിദ്ര്യത്താൽ?
പിച്ച വാങ്ങിച്ച വലംകയ്യല്ലോ പര-
ന്നുച്ചമാം സ്വർഗ്ഗത്തെത്തീർത്തു നല്കി!
കല്ലിൽച്ചവുട്ടിപ്പതം വന്ന കാൽ ചേർത്ത-
തല്ലോ ലക്ഷ്മീശന്നു വത്സചിഹ്നം!
വേണമെന്നുണ്ടെങ്കി,ലേതു മഹാമേരു-
വാണു നിങ്കയ്യിൽ വരാത്തു കുഞ്ഞേ?
പിന്നിലെക്കൊട്ടും തിരിഞ്ഞുനോക്കില്ലെന്നു
മുന്നിലെക്കേറും മനുഷ്യനുണ്ടോ
മന്നിലസാദ്ധ്യമായ് വല്ലതുമെന്നല്ലോ
നിന്നിൽ മുതിർന്നവർ കാട്ടിത്തന്നു:
അംഗുഷ്ഠഗാത്രനും വേണമെന്നാകിലോ
പൊങ്ങും ഗിരികളടിച്ചമർക്കാം;
അറ്റമില്ലാതെ കിടക്കും സമുദ്രങ്ങ-
ളൊറ്റക്കൈകൊണ്ടെടുത്താചമിയ്ക്കാം;
മാമല പൊക്കി മഴക്കുടയാക്കിടാം
കോമളക്കുഞ്ഞിക്കരങ്ങളാലെ;
പറ്റില്ല ചെയ്യാതെയെന്നാകിൽപ്പിന്നിടം-
മൊറ്റച്ചാട്ടത്തിനാൽ നൂറു കാതം;—

ഉണ്ണീ, നിന്നൽകൃഷ്ടപൂർവ്വികന്മാരുടെ
പുണ്യപരാക്രമമോരോന്നേവം
എണ്ണിത്തുടങ്ങിയാലെന്നവസാനിപ്പൂ!—
വിണ്ണിലമരും വിശിഷ്ടരവർ
എന്നുടെ കുഞ്ഞിനെ നന്നായനുഗ്രഹി-
ച്ചുന്നതശ്രേയസ്സണയ്ക്കു മേന്മേൽ!
അന്യജനത്തിലുമന്യധർമ്മത്തിലു-
മന്യായമായി ഭ്രമിച്ചിടാതെ,
സന്ന്യാസശീലരാമപ്പുണ്യരുള്ളോരുടെ
ധന്യസ്മരണ നിന്നുള്ളിൽ നിന്നാൽ
അമ്മതന്നോമനക്കൊച്ചുമിടുക്കനു
നന്മയല്ലാതെകണ്ടില്ലയല്ലോ!

"കുഞ്ഞിക്കരുന്നകരങ്ങൾ കുടഞ്ഞിളം-
മഞ്ജുളപ്പുഞ്ചിരി തൂകും നിന്നെ
മാറിലണച്ചു പുണന്നു പുണന്നു ഞാൻ
നീറുമെന്നുള്ളം കുളുർപ്പിയ്ക്കട്ടേ!
ഇമ്മലർപ്പേലവപാടലച്ചുണ്ടിനാ-
ലമ്മയ്ക്കൊരായിരമുമ്മ നൽകൂ:
നിർമ്മലവായ്മലർത്തേനിലാറാടിയെൻ
ജന്മസാഫല്യം വരുത്തട്ടേ ഞാൻ."

ഒരു വാനപ്രസ്ഥന്റെ വിരക്തി.

ധനം, മാനം, നാനാലളിതവതിയാം
        മാനിനി, മഹാ-
ജനം വാഴ്ത്തും പുണ്യശ്ലോകളിവയിൽ വാ-
        ച്ചുന്ന കൊതിയാൽ
മനസ്സേ, നീതാനീ നിലയിലുഴലാൻ
        നില്പതിനിയെ-
ന്തനൎത്ഥത്തിൽച്ചാടിച്ചതയുവതിനാ-
        ണെന്റെ ശിവനേ!

നടന്നില്ലേ നായ്പോലരമവശനായ്
        നാട്ടിൽ മുഴവൻ?
കിടന്നില്ലേ ഞാനാക്ഖലധനികർതൻ
        കാലടികളിൽ?
തുടന്നില്ലേ നിൻ ചൊല്പടിയിലശുഭ-
        ക്കയ്യകൾ?—ദുരേ,
കടന്നെന്നെക്കൊണ്ടെന്തൊരു കളി കളി-
        പ്പിയ്ക്കുമിനി നീ!

പൊറാവല്ലാത്തുള്ളാപ്പഴികൾ പലതും
    കേൾക്ക, ഖലനാ-
മരാതിസ്സായ് കൈ കൂപ്പുക, പരഗൃഹ-
    ത്തിൽക്കഴിയുക —
ഒരാൾക്കും ചേരാത്തീപ്പണികൾ മുഴുവൻ
    ചെയ്തു; ചെറുതെൻ
ദുരാശേ, നീ തൃപ്തിപ്പെട്ടവതിനിയെ-
    ന്നാണൊരുവിധം?

മട്ടത്തേൻചൊല്ലാൾതൻ മലയെതിർകുചം,
    വിത്തവിഭവം
പെട്ടം മൂർഖൻതൻ കാലടി,യിതുകൾ ര-
    ണ്ടേ ശരണമായ്—
കട്ടപ്പം!—പ്രാക് പുണ്യപ്രകരഫലമാ-
    മിപ്പിറവി ഞാ-
നൊട്ടക്കിപ്പോമെന്നോ? നിയതി, തവ ദൌ-
    ഷ്ട്യം നിരുപമം!

കുറച്ചും കള്ളത്തം കരളിലിയലാ-
    തേ ഭവതിതാൻ
പറഞ്ഞീട്ടും പോലേ, പകലുമിരവും
    പാട്ട പെടവെ,

ഒരു വാനപ്രസ്ഥന്റെ വിരക്തി

നിറഞ്ഞീടും താപം പ്രതിഫലമതി-
　　ന്നു — സ്സൽ, തവ മ-
ട്ടറച്ചു; മായേ, നിൻ മഹിതമറിമാ-
　　യം മതിയിനി!

നിതാന്തം സന്താപം നിമിഷമതു നി-
　　ർമ്മൂലമണയു-
ന്നതായിപ്പോരിട്ടും, ശിവ ശിവ! മട-
　　ങ്ങീട്ടുമുടനേ

ഇതാ കാലം പൊയ്പ്പോയ് മുഴുവനുമെനി-
　　ക്ക്യേ,വമലയു-
ന്നതാണോ സംസാരപ്രചുരസുഖമെ-
　　ന്നോപ്പുതു ജനം!

കിഴിഞ്ഞിട്ടും, കണ്ടോരുടെ കഴലുഴി-
　　ഞ്ഞിട്ടു,മിളമാൻ-
മിഴിയ്ക്കായാത്മാവങ്ങടിയറ കഴി-
　　ച്ചിട്ടുമിനിമേൽ
കഴിഞ്ഞാലുണ്ടാകും സുഖമിവനു കി-
　　ട്ടേണ്ട; വെളിവായ്-
ക്കഴിഞ്ഞു, മായേ, നിൻ കളിയുടെ തിരി-
　　പ്പും തരവുമേ.

ഉടനെത്തന്നോ പോകുന്നുടലിതിനു വേ-
ണ്ടിക്കാറിനരെ-
ക്കടന്നോട്ടുാനിച്ചും തൊഴുതുമുഴലാ-
ടഞ്ഞു വെറുതേ!
കിടക്കുന്നു കൂററൻ കടലെതിർപരപ്പാം
വനൃമതിൽ-
ക്കടന്നാലാക്കെന്തൊന്നസുലഭം? അതേ
നാടിവനിനി.

മടിക്കേണ്ടാ വേണ്ടും ഫലഗണമറു-
ക്കാം, ബഹുസുഖം!
കുടിക്കാം സ്വാദേറും കുളുർജലൃമിളം-
തെന്നൽ പുണരാം;
നടിക്കേണ്ടാ മററാരൊടുമൊരു വണ-
ക്കം; നെട്ടലത-
ക്കുടിൽക്കുള്ളിൽക്കൂടാം—ഇവനടവി പോ-
രും പുലരുവാൻ.

ഉടൻ കണ്ടാൽത്തിന്നും പല കട്ടമൃഗ-
ക്കൂട്ടമവിടെ-
ക്കിടക്കട്ടേ, ഞാനാവുകയുടെ നട-
ക്കം പുലരുവൻ;

ഒരു വാനപ്രസ്ഥന്റെ വിരക്തി

കടന്നോരോരോന്നോത്തുന്നളവു തലയും-
　　കൊണ്ടുരുജവാൽ
നടക്കും ദുഷ്ടന്മാർക്കിടയിലരുളാ-
　　നാണു വിഷമം!

പ്രിയത്താം കൂടാതേ പ്രസവശരശാ-
　　സ്ത്യപ്രവണതാ-
സ്വയത്താൽക്കൂത്താടും പുരികലതയാ-
　　ലേതവനെയും
മയക്കാൻ പോന്നീടും മതിമുഖികളി-
　　ല്ലാത്തവിടെ ഞാൻ
ഭയപ്പെട്ടീടാമോ ഭേജനിതദുഃ-
　　ഖക്കെടുതിയെ?

മരത്തോലോ മറ്റോ വസനം, മശനം
　　വല്ല കനിയോ
വരം യാചിച്ചുണ്ടാമുരിയരിയതോ,
　　ഫന്തും, ശയനം
മൊരംകുന്നിന്മേലാമൊരുസമയമേ-
　　തോ ഗുഹയിലി-
ത്തരത്തിൽക്കൂടും ഞാൻ വിഷയനിരയെ-
　　ക്കൂസിടണമോ?

ഗൃഹത്തിൽപ്പൂമച്ചിൽ പ്രിയജനവുമായ്
മേവുകിലെഴും
മഹത്താം സൌഖ്യത്തെത്തൃണസദൃശമോ-
ർത്തിട്ടടവിയിൽ
ഗ്രഹസ്ഥൻമാരിൽക്കണ്ടിരവരൊടു സമം
വാഴ്‌വൻ—ഇവനൊ-
ന്നഹങ്കാരം മാറ്റാനിതിലുമധികം
നല്ലൊരു വഴി?

പരം ജ്യോതിസ്സാംശ്ശേത്തുവിധമുറ-
പ്പേന്തിയ പലേ
മരം കാണാം ചുറ്റും, വിഹഗനികരം
തത്ര വിശദം
പരക്കെദ്ദൈവത്തിൻ പടുമഹിമ പാ-
ടീടും—ഒരുവ-
ന്നരണ്യത്തിൽച്ചെന്നാൽ വിഷയരതിയേ-
താണ്ടു കുറയും.

അഹങ്കാരം കൈവിട്ടനുപമചിദാ-
നന്ദഭരമാം
മഹസ്സൊന്നേ ധ്യാനിച്ചമലതരമാ-
മുത്തുങ്ങളിരൊട്ടും

ഒരു വാനപ്രസ്ഥൻെറ വിരക്തി

മഹർഷിശ്രേഷ്ഠന്മാർ മരുവിടുകയാ-
ലേറെ വിലസും-
മഹൽപുണ്യാരണ്യം മമഭവനമെ-
ന്നാൽ സുകൃതി ഞാൻ.

കുളിർക്കുന്നിന്മേൽനിന്നൊഴുകിവരുമാ-
സ്സരിത്തിയിൽ ഞാൻ
കുളിച്ചും കൈവല്യക്കളിനിലയമാ-
മീശ്വരപദം


തെളിഞ്ഞുള്ളിൽച്ചേർത്തും മരുവുമതുനാൾ
തൊട്ടിവനെ നീ
കളിപ്പിപ്പാൻ മായേ, കരുതിടുകിൽ നിൻ
പെട്ട പൊളിയും.

വിപൽധ്വാന്തപ്രധ്വംസനപടു, പരാ-
നന്ദമയ,മാ-
ത്തപസ്വിശ്രേഷ്ഠന്മാർ തിരയുമഖിലൈ-
ശ്വര്യനിലയം,
കപർദ്ദിത്തൃപ്പാദം പരിചിൽ വിലസു-
മ്പോൾക്കരളിനി
പ്രപഞ്ചത്തെപ്പററിക്കരുതി വരുവതി-
ന്നെന്തൊരു വഴി!

നിലച്ചീമറ്റെല്ലാം വിഷയവിഷമ-
ഭ്രാന്തമകതാർ
നിലയ്ക്കു നിന്നുംകൊണ്ടെന്നനിമിഷമാ-
ത്മൈകമനനം
വിലപ്പെട്ടീടുന്നാ വിബുധതടിനീ-
പുണ്യപുളിന-
സ്ഥലംതന്നിൽച്ചെയ്യുംനിവസനു കഴിവെ-
ന്നോ വരുവതും!



ആരും കൺമുനചേർക്കിലാശ്രു കനിയു-
ന്നാക്കണ്ണുനാളത്തിലും,
തോരും വാരിരുൾകുന്തളച്ചുരുൾകളിൽ-
ത്തത്തും വിരൽത്തുമ്പിലും,
വാരും മട്ടിലെടുത്തു കുഞ്ഞിനെ മുദാ
ചുംബിച്ചിടും ചുണ്ടിലും,
ചേരും പൊന്ന്കൊടിതന്നവാച്യകവിതാ-
ശൈലിക്കു കൈക്കൂപ്പുവൻ!



“പ്രേമവികാസമേ, വെൽവൂതാക!”

(മഞ്ജരി)

ആനന്ദപൂർണ്ണമാമാദിമബ്രഹ്മത്തി-
ന്നാദിപ്രകൃതിയാം തൻപ്രിയയിൽ
ഈമട്ടനുദിനമെന്നുമുദിക്കുമുൾ-
പ്രേമവികാസമേ, വെൽവൂതാക!

ഉച്ച, ‘മുഷസ്സു, ഷസ്സെ’ന്നു വേദോക്തികൾ
വെച്ചുപുകഴ്ത്തുമസ്സൗഭഗമേ,
നിന്നെത്തൊഴുന്നു ഞാൻ! നിന്നെത്തൊഴുന്നു ഞാൻ
നിന്നിൽ നില്ക്കുന്നു പുമർത്ഥസിദ്ധി.
ചാലേ നിൻ സന്നിധിയിങ്കൽത്തമസ്സിനു
പോലും കരിമുഖം പൊയ്പ്പോകുന്നു;
തങ്ങളിലെന്തോ കഥിച്ചു കൺ ചിമ്മുന്ന
താരകൾ മങ്ങുന്നു താനേതന്നെ;
വെള്ളച്ചിരിയുമകത്തു കളങ്കവു-
മുള്ളൊന്നിനി നില്ക്കുമെത്രനേരം!
പാരിടമൊക്കെപ്പരിശുദ്ധമാക്കുന്ന
പാരിച്ച തേജസ്സുതന്നുദിപ്പേ,

പുളകാങ്കുരം

ജീവിതപ്പോരിലിരുപുറം മുട്ടി ഞാ-
നാവതില്ലാതോരോ പാഴ്ച്ചുളിയിൽ
ചെന്നു പെട്ടുഴിടിന കണ്ണിന്നു മുന്നിൽ നീ
നിന്നു മൃദുസ്മിതം കൊളളുവതാക!

ഹാ,ഹാ,മഹോത്സവം, ഹാ,ഹാ,മനോഹരം,
ദേഹികൾക്കൊക്കെ നിൻതൂവിലാസം!
ഉള്ളിൽ നിറഞ്ഞു ഞെരുങ്ങിയ നിശ്വാസ-
മുല്ലാസിവാർമണം വീശിടുന്നു;
വീർത്ത മുഖങ്ങൾതാനത്രമേൽപ്പുഞ്ചിരി-
ചാർത്തി വിളങ്ങുന്നു ചാരുഭംഗ്യാ;
ശീലടങ്ങിക്കിടന്നോടത്താ ജീവ-
സാരസംഗീതങ്ങളുൽഗ്ഗളിപ്പൂ;
കണ്ണുനീർത്തുള്ളികൾ പോലുമണിവൈര-
ക്കല്ലുകളായല്ലി കാണാകുന്നു?
ശ്രീമൽപ്രഭാതമേ, നിൻപ്രസന്നാനന-
ത്തൂമലർ കണ്ടുലകാഹ്ളാദിപ്പൂ.
ലൌകികദുഃഖങ്ങളേല്ക്കുമെന്നുള്ളിൽ നി-
ന്നാകമ്രരൂപം ജയിപ്പതാക!

എത്രനാൾ ചെന്നിതീയൂഴിമാതുണ്ടായി-
ട്ടെ,ത്രയെന്തൊക്കെക്കഴിഞ്ഞുകൂടി!

പ്രേമവികാസമേ, വെൽവൂതാക

അഞ്ചുന്ന മെയ് പുല്കിനില്ക്കുമ്പോളാകട്ടെ
തിങ്ങും പുതുമയെത്തേടിടുന്നു:
കൂരിരുൾപ്പൂങ്കുഴൽ പിന്നിലതാ തഴ-
ച്ചേറിവരുന്നു മുഖപ്രസാദം;
ഓരോ പ്രദേശത്തും പാറിക്കളിക്കുന്നി-
താരോഗ്യസാമ്രാജ്യച്ചെങ്കൊടികൾ;
എന്തൊരുണർച്ചയാണെന്തിലു,മാഹ്ലാദാൽ-
പ്പൊന്തിത്തുളുമ്പുന്നു മാറിടങ്ങൾ.
പ്രായമില്ലൊന്നിനും പ്രായം മനസ്സിനെ-
ന്നായല്ലി ചൊൽവൂ വിഭാതമേ, നീ!
കാലമെന്നോമനത്തയ്യൽതൻ നെററിയിൽ-
ച്ചാലുകീറിടുവാൻ ചെല്ലലുണ്ടോ?
ആവതും നീ തവാത്മാവാമാമൃതത്തെ-
യായതിലല്ലോ പൊഴിച്ചിരിപ്പൂ!

വെൽക നീ, വെൽക നീ, വന്ദ്യപ്രഭാതമേ!
ലോകസമ്രാജ്ഞിതൻ പ്രേമവായ്പേ!

ഞാൻ കണ്ട കുരുക്ഷേത്രം.

പേരാർന്ന ഭാരതമഹാകഥയിൽ പ്രശസ്ത-
വീരാഗ്രഗണ്യരുടെ പുണ്യപരാക്രമത്തെ
നാരായണൻ മുനിവരൻ വിവരിച്ചുവെച്ച-
താരാണു കോൾമയിർപെടാതെ പഠിച്ചിടുന്നു!

ലോകങ്ങൾ നോക്കുമതിൽ വെച്ചു—വിശിഷ്ടവീര-
ശ്രീകമ്രമാമെടർനിലപ്പെട്ട ചാണയിന്മേൽ—
പാകത്തിലിമ്പ് ഭുവനായോധരെ മാറ്റുരച്ച-
സ്തോകകൃതിപ്പൊലിമയെക്കവി കാട്ടിടുന്നു.

ശ്രീഭീഷ്മർതൻ ദൃഢശമം, ഗുരുവിൻെറയുൾക്കള്ളർ,
ആഭീഷ്മഭക്തനയൻെറ രണാവലേപം,
ഹാ, ഭീതിതേടിയ സുയോധനനുള്ള മാനം,-
മാ ഭീമസേനനുടെ ബാഹുബലപ്രഭാവം,

ക്ഷേമം കിരീടിയുടെ കീർത്തിവളർന്ന യുദ്ധ-
സാമർത്ഥ്യ,മന്തകസുതന്റെ സുധർമ്മബുദ്ധി,
ശ്രീമൽസുഭദ്രയുടെ കുഞ്ഞിനെഴും മിടുക്കു,-
ക്ഷാമം ഭടപ്രവരർതൻ പ്രഥനച്ചൊടിപ്പും,

എല്ലാററിലും തനതു കണ്ണൊടുമൊന്നിലും താ-
നില്ലാതെയും വിലസുമപ്പുരുഷോത്തമന്റെ
വല്ലാത്ത ധീമികവുമോതിടുമപ്പുരാണ-
മല്ലാസഭീതികരുണാത്ഭുതഭക്തി ചേർപ്പൂ!

ഞാനപ്പുരാണകഥയിൽക്കരളൂന്നിയുംകൊ-
ണ്ടാനന്ദമാർന്നൊരുദിനം നിശയിൽക്കിടന്നു;
മാനത്തെ നമ്മളുടെ മാതൃവസുന്ധരയ്ക്കു-
ന്നൂനം വളർത്തുമതു വാണരുൾകൈന്നമുള്ളിൽ!

ആമട്ടുറങ്ങി വളരെക്കഴിയുന്നതിന്മു-
മ്പാമഞ്ജുവാമൊരു വിമാനവരത്തിലേറി
ശ്രീമത്തപമേന്തുമൊരു മാന്യപുമാനൊടൊന്നി-
ച്ചീ മന്നുതൻ മുകൾവഴിക്കു ഗമിക്കയായ് ഞാൻ.

തങ്കത്തുടുപ്പുനിറം,മാ വിരിമാർവിരിപ്പും
പൊൻകമ്പിയൊത്ത നെടുതാടി,യൊരൊത്തദേഹം,
എങ്കൽത്തെളിഞ്ഞ മുഖ,മിങ്ങിനെയല്പമാനു-
ണ്ടെൻകണ്ണുകൾക്കെതിരിൽ മൌനവുമാർന്നിരിപ്പൂ.

“ആരാണി,തേതൊരു മഹർഷി? നഭസ്സിലോട-
മീ രാജമാനരഥമാരുടെയായിരിക്കാം?
ഹാ,രാജ്യമേതിതെ?—വിടെക്കു ഗമിപ്പൂ ഞാൻ?”—ഈ-
ത്തീരാത്ത ചിന്തകളെനിക്കു വളർന്നു മേന്മേൽ.

ഈവണ്ണമൊട്ടു കഴിയെ സ്വയമല്പമാനെൻ
കൈ വന്നു തൊട്ടു ‘വരികെ’ന്നൊരു സംജ്ഞ കാട്ടി;
ദൈവത്തെ നാമഖിലമെന്നതു പോലവേ,ഞാൻ
പാവയ്ക്കു തുല്യമവനൊന്നിച്ചു, പിന്തുടർന്നു!

തേർ വിട്ടിറങ്ങിയൊരെനിക്കു ശരിക്കു മുമ്പി-
ലാവിർഭവിച്ചിതൊരു കാഴ്ച, മഹാവിചിത്രം!
ആ വിശ്വവീരർ കുരുപാണ്ഡവർ തമ്മിലേറ്റ
ഭൂവിശ്രുതപ്പടനിലത്തിവനെത്തിയത്രേ.

ഞാൻ കണ്ട കുരുക്ഷേത്രം

ഞാനന്നിലശ്ശുടലുടൻ മരവിച്ച മട്ട-
ത്താനമ്പരന്നവിടെ നിന്നു കുറച്ചുനേരം;
ദീനത്വമാർന്നു നെടുവീർപ്പോടു പിമ്പു ഫാല-
സ്ഥലത്തു പററിയ വിയർപ്പുകളൊപ്പി മേന്മേൽ.

പാരിന്നലംകൃതികൾ, സൽഗുണരത്നജാലം
പൂരിച്ച ചെപ്പുകൾ, നമുക്കു മഹേശ്വരന്മാർ,
പോരിജ്ജഗത്തുകളിൽ വിങ്ങിയ പൂരുഷാഗ്ര്യ-
ന്മാരിക്കിടപ്പവർ—മനുഷ്യനു മേന്മയെന്തോ!

നില്ലാതുയർന്നു പല ചിന്തകളുള്ളിലല്പ-
മെല്ലാം നിലച്ചപൊഴുതത്ഭുതവായ്പോടും ഞാൻ
എല്ലായ്പ്പൊഴും തരമൊരാൾക്കു ലഭില്ലിതിന്നൊ-
ന്നുല്ലാസമോടുമവിടത്തിൽ നടന്നു നോക്കി.

കണ്ണെത്തുമപ്പെരിയ പോർക്കളമാകെ മുട്ടം-
വണ്ണം നിലാവൊളിനഭസ്സു ചുഴന്നുനില്പൂ;
'ഛിന്നശ്ശരീരനിര കാണരുതെന്നു വെള്ളി-
ക്കിണ്ണത്തിനാലതിനെയീശനടച്ചപോലെ.

ചേക്കുന്നു ഭീതിയെവനും, ചെറുതാറ്റമില്ല,
ചീക്കുന്നു ചന്ദ്രികയിലെങ്ങുമതെന്നു തോന്നും—
ചാക്കുള്ളിലെല്ലു വിധിയാൽക്കൃതമസ്ഥിവാഞ്ഛി-
യാക്കും നിനസ്സിലതിദുസ്തരമാസ്സിടല്ലു.

കുന്നായുധൻ രഥപംക്തി തകർന്നു വീണ-
തൊന്നാസ്സിടല്ലു പല ചീർത്ത ഗജങ്ങൾതന്മേൽ;
'ഒന്നാണു നാമഖില'മെന്നു തുരംഗയൂഥം
തൻനാഥരൊത്തതിനുമേലു,മൊരേടമേവം;

തേർ മാത്രമാണൊരിടം, ആനകൾ മറ്റൊരേടം,
ആ മാതിരിസ്സവിടെ വാജികൾ, ഇങ്ങു കാലാൾ;—
'നാമൊക്കെയേകവിശി ചെന്നണഞ്ഞോർകളെ'ന്നായ്
പ്രേമാപ്തിയാലഖിലമൊത്തൊരുമിച്ചിരിപ്പൂ.

വില്ലു,മ്പു,വേൽ,പരിച,വാൾ,ഗദയെന്നു യുദ്ധ-
മല്ലർക്കെഴും ശിതതരങ്ങൾ മഹായുധങ്ങൾ
അല്ലൽപ്പെട്ടുംപടി നിണത്തിൽ മറഞ്ഞുകൊണ്ടാ-
ട്ടല്ലങ്ങുമിങ്ങുമവിടെച്ചിതറിക്കിടപ്പൂ!

ഞാൻ കണ്ട കുരുക്ഷേത്രം

ഈടുള്ള മൈക്കവചമസ്ത്രശതം തറച്ചെ-
മ്പാടും തുളഞ്ഞു, തനതായുധമിട്ടുടക്കൽ,
മൂടും നിണത്തൊട്ടുടലിന്നു പലേ തരത്തിൽ-
ക്കേടുററ വീരഭടരിങ്ങു കിടന്നിടുന്നു.

കാലററു, കയ്യുകൾ മുറിഞ്ഞു, ശിരസ്സുടഞ്ഞും,
കോലം നിറച്ചു ശരപംക്തി തറച്ചിരുന്നും,
ശൂലം പിളർത്തിയ പരൻെറ വയററിൽനിന്നു
മേലത്ര നീണ്ട കുടർമാലകൾ വീണടിഞ്ഞും,

വല്ലാതെ മാറിടമടർന്നടിയെല്ലുയർന്നും,
നില്ലാതെ ചാടിയ നിണപ്പുഴയിങ്കലാണ്ടും,
വല്ലാഞ്ഞുകോർത്തു മുഖമൊക്കെ ഞെരിഞ്ഞു,മെന്തെ-
ന്നില്ലാത്ത വേദനയിലന്ത്യശ്വാസം കടിച്ചും,

എല്ലാകുമെല്ലുമുഴവൻ തവിടായു,മൂക്കൻ
തല്ലാൽച്ചതഞ്ഞ തനു നല്ലൊരു പിണ്ഡമായും,
എല്ലായിടത്തു,മൊരുവന്നൊരു നോക്കുകാണാ-
വല്ലാത്ത മാതിരി, കിടപ്പു ഭടാഗ്ര്യർ മേന്മേൽ.

(വിശേഷകം)

കുന്താഗ്രമേററുയിർവെടിഞ്ഞു മലച്ച വാജി-
തൻതാഴെ, ചാവോളംപ്പിടി വിടാത്ത കരത്തെ നീട്ടി,
യന്താവൊരാളിഹ കമഴ്ന്നു കിടപ്പു—വീണ്ടും
പൊന്താത്ത മട്ടവനെയീശനടിച്ചമർത്തി!

ഏററുഗ്രശസ്ത്രതതി തന്നുടെമേൽ മറിഞ്ഞു
ഘോററുന്നൊരാളതു ധരിച്ചുയിർപോയൊരശ്വം
നാററുന്നതിന്നു മുഖമങ്ങു തിരിച്ചുകാണ്മൂ:
മാററുന്നിതോ മരണവും മമതാബലത്തെ!

തൻതുണ്ടുകാല്ക്കിടയിൽ വീണ പരന്റെമേൽ, 'കൈ
പൊങ്ങുമോ ഇനിയു'മെന്നു കടിച്ചുകൊണ്ടേ,
മുണ്ടും പടക്കുതിരയൊന്നിതു ചത്തുപോയി:
ജന്തുക്കൾതൻ പക സഹിക്കരുതാത്തതത്രേ!

കുട്ടിത്തമേറിടുമിരിമ്പുഗദത്തലപ്പു
തട്ടിപ്പൊളിഞ്ഞു, പടുമസ്തകമസ്ഥി ചിന്നി,
കുട്ടിപ്പനത്തടികളാമിരുകൊമ്പുമൂഴി-
ത്തട്ടിൽത്തറച്ചൊരു ഗജപ്രൌഢ ചത്തുനില്പൂ.

ചത്താലുമെന്തിവനടുക്കുവതൊന്നൊടെന്നായ്-
ത്തത്താദൃശപ്രതിഘനിങ്ങൊരു ഹസ്തിനാഥൻ
എത്താസ്ഥിലും നിജകിടപ്പിലുയർന്ന കൊമ്പിൻ
കുത്താലൊരാനയുടെ വൻകുടർമാല ചോർത്തു.

മെയ്യാകെയിങ്ങിനെ നിറച്ചരിശസ്ത്രമേറ്റു,
വയ്യാതെ ചത്തു, ഗജമൊന്നു പുറത്തുവീണു;
ഇയ്യാനയിന്നിയുമൊരുത്തനെയമ്പ, തുമ്പി-
ക്കയ്യാൽപ്പിടിച്ച പിടി തീരെ വിടുന്നതില്ല!

ദന്തിപ്രമാണികൾ തുടുത്ത നിണത്തിലാഴ്ത്തി-
പ്പൊന്തിച്ച കൊമ്പുകളിടയ്ക്കു മുറിഞ്ഞപോലെ,
എന്തിക്കിടപ്പതു? കൊടിപ്പടലത്തെ വേണ്ട
പന്തിസ്സുയർത്തിയ മരങ്ങളൊടിഞ്ഞതാമോ?

കാററത്തടിഞ്ഞൊ,ലിനിണങ്ങളിൽ മുങ്ങി, മുററും
മാററററുപോയി,ളകിടാതെ,യതാതിടത്തിൽ
ഏററം നൃപക്കൊടികൾ, ഹന്ത! കിടന്നിടുന്നു:
മാററത്തിനിങ്ങടിപെടാത്ത മഹത്ത്വമില്ല.

താവൽത്തകന്നൊരു രഥക്കഷണങ്ങൾതന്മേൽ-
പ്പാവം! മരിച്ചിഹ കിടപ്പവർ സൂതരാവാം!
ജീവസ്സുപോയവയിലും പ്രിയമേറിവന്നാ-
ലേവക്കുമായവ വിടുന്നതസഹ്യമല്ലോ!

നില്ക്കട്ടെ,യാരിതു?മനോഹരമാം മുഖത്തോ-
രക്കപ്രകാശഭരമിപ്പൊഴുമുജ്ജ്വലിപ്പൂ;
നൽക്കട്ടിക്കൂടുമുടൽ മൂടിയ ചട്ട ചാർത്തു-
മിക്കമ്രരത്നമൊരു ഭൂപനിതെന്നു ചൊൽവൂ.

പുല്ലാണു പൂരുഷനു പോർമൃതിയെന്നു ചൊല്ലു-
മുല്ലാസകാരി മൃദുപുഞ്ചിരിയുണ്ടു ചുണ്ടിൽ;
നല്ലാത്മചാപമരികത്തു വിളങ്ങിടുന്നി-
തെ;—ല്ലാം നിനയ്ക്കിലിതൊരൂർജ്ജിതനായ വീരൻ.

ആരാണിതെന്നു നിരുപിച്ചിടുമെന്നൊടപ്പോ-
ളാരാലെഴുന്ന മുനി, "കർണ്ണനിതെ"ന്നു ചൊന്നാൻ:
ഹാ, രാജമാനസയശസ്സെഴുമപ്പുമാനിൽ-
ത്തീരാത്ത ഭക്തിബഹുമാനമെഴുന്നവൻ ഞാൻ.

"വീരക്കു വീര,നതിമാത്രമുദാരശീലൻ, -
നീരന്ധ്രപൌരുഷപയോനിധി, സത്യസന്ധൻ;
ആരങ്ങയോടു ശരി? ധർമ്മപഥത്തിൽനിന്നു
തോരല്പു കാൽ പതറിടാത്ത പുമാൻ ഭവാൻതാൻ!

എന്നാലുമാളുകൾ ഭവാനഭിമാനമേറു -
മെന്നായ് പുലമ്പുവതിലത്ഭുതമെന്തിനിപ്പോൾ?
അന്നാമമേ ഹൃദി മറന്നടിമത്തരം ന -
ന്നെന്നായ സാധുജനമല്ലി തവാംഗജന്മാർ?

ഭൂവിൽക്കിഴിഞ്ഞ നില ചേർന്നിടുമിന്ത്യ ധർമ്മ -
ധപാവിൽച്ചരിച്ചു തനതാസ്ഥി വിടാതെ വീണ്ടും
ആ വിശപവന്ദ്യപദമാർന്നു ഭവാനെയുള്ളിൽ
ബ്ഭാവിച്ചുയർന്നിടുവതിൽക്കനിയട്ടെ ദൈവം."

ഈമട്ടു ഞാൻ പലതുമുള്ളിൽ നിനച്ചുകൊണ്ടു -
ക്ഷാമപ്രഹർഷമൊടു മറ്റൊരിടത്തു ചെന്നേൻ —
ഹാ, മന്നിലാരിതടരെന്നൊരു വസ്തുതിത്തു?
നാമപ്പുമാൻെറ ജനിയെത്ര ശപിച്ചിലാവും!

ആരാൽക്കിടപ്പൂ സുകുമാരശരീരരേറെ-
പ്പോരാടലാക്കുമുളവാംവിധമങ്ങുമിങ്ങും;
വീരാതിവീരനൊരു സുന്ദരനണ്ടുറങ്ങും
നാരായണന്നു ശരി തത്ര ശയിച്ചിടുന്നു!

ഓമന്മുഖത്തരിജനം തൃണമെന്നു ചൊല്ലു-
മാമട്ടിലപ്പൊഴുതുമുണ്ടൊരുദാരഭാവം;
ഹാ, മണ്ണിലെപ്പൊടി പുരണ്ടെഴുമാവപുസ്സിൽ
പ്രേമം വളർത്തുമൊരു സൌഭഗമുല്ലസിപ്പൂ!

സാഹന്തരായ്പ്പല മഹാരഥർ ചേർന്നു പത്മ-
വ്യൂഹം തനിച്ചു വിമഥിച്ചൊരു കൊച്ചുവീരൻ
ആഹന്ത, പാർത്ഥസുതനാമഭിമന്യുവാണി-
ദ്ദേഹം!— ചതിപ്പണിയിലാക്കടിതെറുകില്ല!

* * * * * * *

* * * * * * *

"പ്രാണന്റും പ്രാണൻ."

(മഞ്ജരി)

I

എൻകൊച്ചുകൈപ്പിടിയ്ക്കുള്ളിലടങ്ങുമി-
ത്തങ്കക്കുടത്തെ ബ്രഹ്മാണ്ഡമാക്കി
വീണ്ടുമെൻകയ്യിലൊതുക്കിത്തരുന്നു, ഹാ,
നീണ്ടുനില്ക്കുന്ന നിന്നിന്ദ്രജാലം!

ഇമ്മറ നീങ്ങിയൊന്നങ്ങയെക്കാണ്മനോ,
നിർമ്മലനിഷ്കളപ്രേമമേ, ഞാൻ!

II

പുൽകളെപ്പുൽകിനിന്നൂഴി നഭസ്സുണ്ണി-
ക്കൽകളിൽച്ചേർക്കുന്ന ദീർഘനോട്ടം;
വെൺതലപ്പാവൊത്ത കുന്നിനെപ്പൊത്താഴി-
ത്തൻതിരച്ചോലുന്ന മന്ദഹാസം;
ദിങ്മുഖത്തിങ്കലേ മൂടൽ കണ്ടാർദ്രമാ-

മംബുജം തേടും വിവണ്ണഭാവം;
വാനിൽപ്പൊന്തിനിന്നുനീലപ്പൊടികളെ
വാരിക്കൂട്ടുന്ന വൻനിശ_ാസംതാൻ
മുക്കിലെ മുല്ലച്ചെടിതൻമുടിയെങ്ങാനും
ചിക്കുമ്പോഴോ കൈക്കൊള്ളും നമ്രഭൃതാ_ം;
മൂടും കരിമ്പടം നീങ്ങിത്തെളിഞ്ഞു ചാ–
ഞ്ചാടുമിളംപൂവിൻ പൊൻകുമ്പിളിൽ
ഓമൽത്തേൻ തൂകുന്നൊരുല്ലാസലക്ഷ്മിതൻ
കോമളഗണ്ഡത്തുടുപ്പുവണ്ണം;
നിഷ്ഠുരവൈലിന്നു നേരിട്ടു കാണിക്കും
നിമ്മശാനെഞ്ചിൻെറ നിശ്ചലതാ_ം;—
ഈവകസ്സവ്വമനോജ്ഞപദാത്ഥവും
താവകരൂപത്തിൻ തൂനിഴൽ പോൽ!

പൂഴിത്തരിയെച്ചവുട്ടുമ്പോഴോപ്പോലുമ–
പൂണ്ണസൌഭാഗ്യത്തെപ്പൂണ്മനോ ഞാൻ!

III

ആപത്തുകൊണ്ടെത്തുമന്ധത വായ്പിക്കും
കോപക്കുഴലൊലിപ്പാന്നോടവും,

ഉള്ളിലിടർക്കരിഞ്ചേറു കട്ടപ്പിടി-
ച്ചുള്ളോരു വാർദ്ധക്യക്കൺകുഴിയും,
നീളെത്തെളിയുന്ന നിന്നല്പജ്യോതിസ്സിൻ
നാളത്താലാനന്ദദീപ്തമൃത്തേ!
കൊച്ചുതൃണങ്ങളെപ്പൊൻകുറി ചാർത്തിക്കും
സ്വച്ഛകരങ്ങൾ നിൻസൃഷ്ടരൂപം.
ഏതാണ്ടെഴുതിയും മാച്ചു,മഹോ, "നേതി
നേതി" വാക്യാർത്ഥത്തെക്കാണിക്കുന്നു!

അന്ധതമിസ്രവും നിൻതിരുമെയ്യാർക്കു-
ണ്ടന്തരാ കോൾമയിർക്കൊൾവനോ ഞാൻ!

IV

പാഴ്മരക്കൂട്ടത്തെപ്പട്ടാട ചാറ്റിപ്പൂ;
പാറപ്പുറങ്ങളെച്ചുംബിക്കുന്നു;
വാനിനെപ്പൊൻനറുംകുങ്കുമം ചാർത്തിപ്പൂ;
വാടും ലതകളെത്താലോലിപ്പൂ;
കാററും കടക്കാത്തുറുങ്കിൽക്കളിക്കുന്നു;
ചീറുന്ന ഖഡ്ഗത്തിൻ മുമ്പിൽ നില്പൂ;
ചൂളും നടികൾക്കു തള്ളലുണ്ടാക്കുന്നു;

ചൂടറ്റ വെയിലിൻ ചുണ കെടുപ്പൂ;—
ഹാ, ലോകസംഗ്രഹകാരികളല്ലോ നിൻ
ലീലാവിലാസങ്ങൾ ശാശ്വതങ്ങൾ!

രാവും പകലുമാം ശ്വാസനിശ്വാസങ്ങൾ
താവുമിപ്പാരിൽ ഞാൻ ചെയ്വതെല്ലാം
പ്രാണനും പ്രാണനാമങ്ങേക്കു പൂജന-
മാണെന്നനുഭവം തോന്നാവൂ മേ.



തങ്കത്താരൊത്ത കൈകൊണ്ടൊരു വിരുതി-
ലഴിച്ചിട്ട കാർക്കുന്തലാൽത്തൂ-
ക്കൊങ്കപ്പൊൻചെപ്പതന്മേൽ വികചകുവലയ-
പ്പൂ [illegible]മാല ചാർത്തി,
എങ്കൽച്ചായും കടാക്ഷത്തൊടു തുടുകവിളിൽ-
ത്തൂവിയപ്പും പൊടിഞ്ഞെൻ
മങ്കത്തയ്യാണിരുന്നോരകമലിയുമിരി-
പ്പാണുപാസിപ്പതീ ഞാൻ!



ഹിതകാരിത്വം.

"ഇതരന്നുയിർ ഞാനൊട്ടുക്കയോ?
ഇതരൻതാനിവനെത്തുലസ്സയോ?"
ബത, നാമിതു നോക്കിറില്ലവേ,
ഹിതകാരിസ്സിലു കീഴ്പ്പെടുന്നതേ.

ഒരുപാടു സുഖങ്ങൾ തങ്കൽ വ-
ന്നൊരുമിച്ചാൽ മതി തോന്നിടാത്തവൻ,
പുരുസങ്കടമന്യനേറ്റുവാൻ
പൊരുതുന്നു മനുജൻ, കടപ്പമേ!

മതി യുദ്ധം; ഇതേവരെപ്പരൻ
ക്ഷതിയേല്ക്കുന്നതിനായ്ക്കൊതിച്ചു നാം,
ഗതികെട്ടുകഴിഞ്ഞു: മറ്റുമു-
ന്നതിയിങ്ങന്യഹിതൈഷികൾക്കുതാൻ.

ഇതരന്നിടരെത്രമേലുമി-
ങ്ങുതകാൻ കാട്ടുമൃഗങ്ങളും പോരുമേ;
നിതരാം മനുജന്നു ചേർന്നതി
ഹിതകാരിത്വമനുത്തമം ഗുണം.

ഉലകൊക്കെയുമൊന്നുതന്നെയീ
നില തോന്നുന്നതു തോന്നൽ മാത്രമേ;
അല്ല,മന്യന്നു പീഡ ചെയ്‌വതിൻ
ഫലമാത്മാവിനു വന്നുകാണ്മൂ നാം!

പരമുക്തി നമുക്കു കിട്ടുവാൻ
പരമാത്മാവെവനസ്വതന്ത്രനായ്,
പരപീഡനതൽപരങ്കലാ-
പ്പരമേശൻ ഭവുകം വരുത്തുമോ?

ഉടലിന്നെഴുമേതു ഭാഗവും
സ്ഫുടമന്യോന്യഹിതൈകവർത്തിതാൻ;
തടവറ്റുമൊത്തു വാണ നാ-
മിടരന്യന്നരുളുന്നതത്ഭുതം!

തനതാഗ്രഹമേ നിറുത്തിയേ-
തനഘൻ ലോകഹിതം നടത്തുമോ,
ജനതയ്ക്കവനീശ്വരൻ—പൃഥാ
കനകം ചാർത്തിയിരിപ്പു ഭൂമിപൻ.

ഹിതകാരിത്വം

“പരനന്മയിലുദ്യമിപ്പവ-
ക്കരമേറും പദമിങ്ങു കൈവരും”—
ചിരമിയ്യൊരു കാഴ്ച കാട്ടിയി-
ബ്ഭരതക്ഷോണി, സുപുണ്യശാലിനി!

ഒരു കാട്ടുപുലിക്കു താങ്ങുവാ-
നരുതാത്തുള്ള വിശപ്പു കാൺകയാൽ
തിരുമെയ്യതിനാരശിപ്പതി-
ന്നരുളി, ബുദ്ധനവൻ ജയിപ്പതേ!

ഒരുവന്നുപകാരമററഴൽ-
പ്പെരുമക്കൂട്ടടൽ പേറിയിന്നു നാം
മരുവുന്നു, മഹർഷിമാർ ജനി-
ച്ചൊരു പുണ്യാവനി കൺനിറയ്ക്കുവാൻ.

ഭുവനൈകഹിതത്തെ നോക്കി വാ-
ണവർ പൂജ്യത്വമെടുത്തു പൂർവികർ;
അവശം പരദാസരായി നാം,
ശിവനേ, സ്വാർത്ഥപരത്വമേറിയോർ!

പണമെന്തിനു, വിദ്യയെന്തിനു,ൽ–
ബണമൂക്കെന്തിനു മൂർഖരോർക്കുകിൽ?
ഗുണമന്യഹിതപ്രവൃത്തനർ–
ക്കണമെന്നോ ഫലമേതുശാസ്ത്രൂ.

സ്ഥിരമല്ലിഹ ജീവിതം; ധ്രുവം
മരണം, ഹന്ത, ജനിച്ചോരേവനും;
പരനുററഹിതങ്ങൾ ചെയ്തു നാം
പരസൌഖ്യത്തെയെടുക്കയുള്ള നാൾ.

പരനുടെ ഹിതമെന്തൊന്നായതാവുന്നവണ്ണം
പരമസുഖമനുഷ്ഠിച്ചുത്തമസ്ഥാനമേറി
വരമുനികൾ പിറന്നുള്ളിന്ത്യ, നി നിന്റെ ലോകോ–
ത്തരമഹിമ വളർത്തിക്കാട്ടി വീണ്ടും ജയിയ്ക്കൂ!

ഓണക്കാഴ്ച

(മഞ്ജരി)

ഓണമായോണമായെന്ന പഴമൊഴി
കാണുന്നു കാലച്ചുവരുകളിൽ വീണ്ടും:
ആവശ്യമെന്തോ സമസ്തവും ലോകത്തി-
നാവത്തിയ്യോണമെന്നായിരിയ്ക്കാം.
അല്ലെങ്കിൽ നമ്മൾതൻ കീർത്തനം കേൾക്കവാ
നല്ലല്ലോ വീണ്ടുമുദിപ്പൂ സൂര്യൻ!

മണ്ണിന്റെ പച്ചപ്പുൽപ്പട്ടു കണ്ടുണ്ടായ
വിണ്ണിൻകരിമുഖമെങ്ങു പോയി?
നേരേമറിച്ച,തിൻപ്രേമപ്രകാശങ്ങൾ
താരങ്ങളായി മുളച്ചു രാവിൽ
ചുംബനംചെയ്കയായുന്മുഖീഭൂതമാം
നമ്മുടെയാമ്പലപ്പൂനിരയെ.
വാഴപ്പഴങ്ങൾതൻ വണ്ണമെടുത്തത്രേ
വാഴ്ത്തുന്നു വാസരം സന്ധ്യതോറും.
അങ്ങിങ്ങു വാനിടത്താരോ പരത്തിയ-
പിംഗളവണ്ണമാം മേഘവൃന്ദം

മുററും പകൎന്നിതാ കാണുന്നു, പൂന്നെല്ലു
മുററത്തുണങ്ങുവാനിട്ടതായി.
മാറുകെന്നാത്തു കയത്ത പുഴയുണ്ടു
തീരത്തെത്തൊട്ടു തലോടിടുന്നു;
അങ്ങുള്ള വൃക്ഷലതാളികളൂററിനോം
ഭംഗിയും പ്രൌഢിയുമേററിതാൻതം.
ചെററക്കുടിലിലും കൊട്ടാരക്കെട്ടിലു–
മൊററപ്പുരിചൊടേ വാണരുളി
നിഷ്ഠാമപൂജനമേല്ക്കുന്ന വിശേഷൻ,
തൃക്കാക്കരെയപ്പനെന്ന പേരിൽ.
കേരളഭൂഖണ്ഡമൊക്കെയുമൊന്നിച്ചി–
ണ്ണാരാട്ടിനില്ക്കുന്നിതാഹ്ളാദത്തിൽ.
എന്നാലിന്നൈസൎഗ്ഗികാഖണ്ഡസൌഭാഗ്യം
നന്നായ് നുകരുവാൻ കണ്ണെവിടെ?

മുററുമപാരതയേയും താനിട്ടൊരു
ചുററിലൊതുങ്ങിത്താൻ കണ്ട കണ്ണേ,
വേലിവരമ്പാൽപ്പകുത്ത നിലത്തല്ലോ
വേണ്ടൂ കൃഷിപ്പണി നിൻനോട്ടത്തിൽ.
തൻപിടിക്കുള്ളിലൊതുങ്ങണം ബ്രഹ്മാണ്ഡം;
സമ്പൂൎണ്ണകാമനാണന്നു മൎത്ത്യൻ.

അക്കൈവിരൽപ്പാടേങ്ങുണ്ടതു വൈകുണ്ഠം;
ദുഃഖവും സഹ്യമാ മുദ്രവെച്ചാൽ.
എന്റെയാണീശ്വരൻ — ആദ്ധ്യാത്മികാംശമ-
മെന്നുമിപ്പൊൻചെപ്പിലിട്ടു പൂട്ടി
കാവലായ് നില്ക്കുന്ന മാനുഷബുദ്ധിയെ-
ക്കേവലത്വത്തിനും തൊട്ടുകൂടാ.
അപ്പതൻ പൂക്കളുമഗ്ര്യതാരങ്ങളു-
മൊപ്പം രമിച്ച മടിത്തടമേ,
ഏകത്വമാനന്ദമെന്ന തത്ത്വത്തിനു-
ള്ളേകദൃഷ്ടാന്തമാമോണനാളേ,
അങ്ങയ്ക്കനുഗ്രഹപാത്രങ്ങളോ, ഹന്ത,
ഞങ്ങൾ വിഭിന്നതാരാധകന്മാർ!

അല്ലെങ്കിലന്ധതമിസ്രത്തെയാദിത്യ-
നാക്കിയ ചക്രത്തിരിച്ചലിന്റെ—
കാറമണൽത്തരിയാലെയീ ബ്രഹ്മാണ്ഡ-
മൊട്ടുക്കിളക്കിടും വൻചേപ്പിന്റെ—
മറ്റൊരു രൂപംതാൻ സ്വാത്മമാംസത്തിൽ
മർത്ത്യരെയെത്തിച്ച കാൽത്തളപ്പും!

ഏക്കാല്പം.

(മഞ്ജരി)

I

അമ്മ മടിയിൽ വെച്ചൊന്നു ചിരിയ്ക്കുകെ-
ന്നമ്മവെച്ചേത്രയും കൊഞ്ചിക്കൊഞ്ചി
പിഞ്ചുകരങ്ങളാൽ 'ത്താല്പുകൊട്ടി' ച്ചതു-
ണ്ടെൻ ചരിത്രത്തിലൊരദ്ധ്യായത്തിൽ!
ഇന്നു ഞാൻ കാണുന്നതെന്തും കരിമുഖം;
ഒന്നുമില്ലെന്നെയാശ്വസ്തനാക്കാൻ—
എന്തോ വെറും മൂടൽമഞ്ഞുകൾമ്പ് ഭംഗ-
മെന്റെ നേർക്കൊന്നിട്ടാട്ടിളിച്ചുകാട്ടും!
കുട്ടികളാട്യമായ് പെററുവീഴുമ്പോഴേ
പൊട്ടിക്കരയുന്നതെത്ര സാർത്ഥം:
ബാഢം, മാരോദനം മാനുഷജീവിത-
നാടകത്തിനുള്ള നാന്ദീഗാനം!
ഞാനിച്ചവുട്ടുന്ന കല്ലിൻമുനകളാം
ചാണിൻ നവരത്നരോചിസ്സുകൾ;
ജീവിതച്ചൂളയിലാളിടും തീജ്ജ്വാല-
യാവാമമരത്വമുദ്ര നമ്മിൽ;—

ശോകമാകും വള്ളം വെച്ചുകിട്ടീടണം
ലോകമേ, നിന്റെ വളച്ചേണ്ണണോ!
ആവട്ടെ, ഭാവിയിലുണ്ടുഷസ്സെങ്കിലു-
മീ വരും കൂരിരുട്ടെത്ര ഘോരം!

എങ്കിലുമിങ്ങൊരു പൂഴിത്തരിയുമി-
ല്ലെൻകരളേറ്റിപ്പിടിച്ചിടാതെ;
പേമുറയിട്ടും ഞാൻ കേട്ടില്ലുണരാതി-
ല്ലീ മണ്ണിലിന്നു നിഴൽപ്പാടൊന്നും!

II

വമ്പാർന്ന കാലഭേദത്തിൻ കളിത്തല്ലി-
ലെൻഭാനുചന്ദ്രർ തെറിച്ചുപോകെ,
ഉത്തമസ്സാമെൻമനസ്സിൻ പകച്ചുപോ-
ലസ്തമിക്കുംസ്സന്ധ്യയെങ്ങുമേല്ലേ,
മന്നിനാൽക്കേവലം തള്ളപ്പെട്ടുള്ള ഞാ-
നൊന്നിൽത്തിരിച്ചുവന്നെത്തി വീണ്ടും
എൻചുടുചോര പേർത്തിററുവീണൊര-
സ്സഞ്ചാരമാർഗ്ഗത്തെസ്സംസ്മരിക്കേ,
ഓരോ കരിങ്കൽനുറുങ്ങുമെൻകണ്ണുകൾ-

ക്ഷേത്രേ മഹേശ്വരലിംഗമായി!
പുല്ലിൻകൊടികളോരോന്നുമെന്നുള്ളില-
ക്കല്യാണകൃഷ്ണന്റെ മൈവടിവായ്!
ദുഃഖമേ, നിയ്യെങ്ങു തൃക്കഴൽ ചേർപ്പത-
ങ്ങൊക്കെയും ശ്രീകോവിൽത്തന്നെയല്ലോ!
നിന്മുമ്പിലെത്തിയ നെഞ്ചിൽപ്പുതിയുന്നു
നിർവ്വാണത്താമരമൊട്ടു താനേ!

എങ്കിലുമമ്പലംതന്നിലേ താമസ-
മെന്നാക്കുവാൻ മമ തോന്നുന്നില്ല;
തേവിടിപ്പെണ്ണിന്റെ മെത്തയും വൈലെരി-
പ്പാഴ്‌വെണ്മണൽപ്പരപ്പായിട്ടില്ല.

III

നഗ്നങ്ങളായാലും പൊൻചെരിപ്പിട്ടാലും
വെള്ളുന്ന കാൽകളിൽ മുള്ളുകൊൾകെ,
ഉഞ്ഞുന്നു പിന്നെയും പിന്നെയും പിന്നിൽനി-
ന്നെന്തോ വിമോഹമൊന്നിജ്ജനത്തെ!
കണ്ണുനീർ വീണു കുതിർന്ന കാൽവെള്ളകൾ
മണ്ണിലെപ്പൂണ്ടുപോയ്പ്പൂണ്ടിരിപ്പൂ,

എങ്കിലും

മുമ്പിലുണ്ടെന്തോ മഹാമേരുവെന്നു ഞാൻ
പിമ്പോട്ടു നോക്കാതെ പാഞ്ഞിടുന്നു!
പൊട്ടിക്കരയലാണാരംഭമാ വീഴ്ചു-
മുട്ടലവസാനമീവിധത്തിൽ,'
ചെന്നെടത്തേതാണ്ടു പിന്നെയും ചെന്നിടും
മുന്നിവാരമൊരു ദീർഘയാനം,
ചക്രവാളാന്തരത്തമ്പുമടിച്ചുകൊ-
ണ്ടി,ക്കണ്ടനാളൊക്കെ ഞാൻ നടത്തി—
പൊട്ടിച്ചിരിയൊട്ടു കൂടിയാൽക്കണ്ണുനീർ
പൊട്ടിയിട്ടല്ലാതെ കണ്ടതില്ല;
തങ്കത്തുടുപ്പു തെളിയുന്ന സന്ധ്യപോയ്
പങ്കിലമാകാതിരിയ്ക്കയില്ല.

എങ്കിലും കാലത്തൊടെന്നുടെ പാദമേ-
ത്തിങ്കളിയല്ലിലാണെന്നുതന്നെ;
എപ്പോഴായാലും വിണ്ണിങ്ങുതാനിട്ടേച്ചാ-
ണൽപ്പതിച്ചീടുകെന്നന്ത്യശപഥം!

പൂമങ്കസ്സൂററ പൂമച്ചക,മഴകിനല-
    ങ്കാര,മിപ്പൂരടക്കം
കാമന്നൽക്കൃഷ്ടബാണം, പുക്കൾപെരുകിന സ-
    ദ്ധാസനാവാസഗേഹം,
ഓമൽച്ചെന്താമരപ്പൂ;—വിതു വിബുധജനാ-
    രാധ്യമാം രാജഹംസ-
സ്തോമത്താലത്ത്യമത്രേ; പ്രണയലഹരിതാ-
    നിബ്ഭ്രമം ഭൂരമേ, തേ.

എന്റെ സുഖം.

(പാന)

ഞാനൊരാളുണ്ടു, നിർഭാഗ്യനെന്നതെന്നു,
ദീനനേത്രങ്ങൾ കണ്ടു ചിരിക്കട്ടേ—
കാലചക്രം തിരിയുന്നതിയ്യൊരു
കാര്യസിദ്ധിയ്ക്കു വേണ്ടിയാണെങ്കിലോ,
പോരും പോരുമതെന്നൊരു പുഞ്ചിരി-
പോലെയെൻ തലരോമം നരയ്ക്കുന്നു!
ശാശ്വതത്വത്തെയോരോ ക്ഷണത്തിലും
ചേർത്തടക്കിപ്പിടിയ്ക്കുന്ന വേലയാൽ
കൈപ്പടങ്ങൾ മേ ചുക്കിച്ചുളിയുമ്പോ-
ളിപ്രപഞ്ചപ്പിടുത്തം മുറുകയാം!
ആരുമില്ലൊരാളേറ്റെടുക്കാനിനി-
പ്പാരിലെൻപരിരംഭമെന്നാകുമ്പോൾ
അത്രമേലതു വിസ്തൃതമാകയാ-
ണി, ത്രിലോകവുമുള്ളിൽപ്പെട്ടുംവിധം.
കണ്ണിൻമുമ്പിൽച്ചൊരിഞ്ഞിടും പൊൻപണം,
കണ്ട മാത്രയ്ക്കു കൊണ്ടുനടന്നിടും—
നാളുകൾക്കിതേ ജോലി; എൻ കാഴ്ചയോ

നീളുകതന്നെ പിന്നെയും പിന്നെയും!
എന്തിനോ തെറ്റുപ്പറയുന്നു, ദുർവ്വിധി
ബന്ധുവാമെനിക്കൊട്ടുനാൾകൊണ്ടെന്നോ?
പിന്തിരിഞ്ഞു നോക്കുമ്പോഴെൻ നാവൊട്ടും
പൊന്തിടുന്നില്ലതിനെഗ്ഗുപിക്കുവാൻ.
മണ്ണടിഞ്ഞൊരു വിത്തു മുളച്ചുണ്ടാം—
വണ്ണമെത്തും നിലക്കൊള്ളുമൂഴിയിൽ—
കുട്ടിമട്ടും തമസ്സിങ്കൽനിന്നദ്ധ്യ—
ക്കൂട്ടമുണ്ടാകുമന്തരിക്ഷാന്തരേ—
എത്രയേറെ വിട്ടോട്ടുന്നുവോ പക—
ലത്രയത്ര വന്നിഞ്ഞോട്ടടുക്കുതാൻ!

ഈ വിചാരങ്ങൾ ചെന്നു പതിഞ്ഞതോ
വ്യോമവീഥിൽ മിന്നുന്ന പൊന്നിൻകുറിപ്പുകൾ!
താരകങ്ങളേ, നിങ്ങളിലോരോന്നും
പാരിനൊപ്പമുള്ളോരോ പ്രപഞ്ചമോ?
ഈവിധം ഭവാന്മാരിലുമാരാനും
ഭൂവിതിൻ ഭംഗി കണ്ടു രസിക്കുന്നോ?
വെൽക, വെൽക, തമസ്സേ, ജഗത്തുകൾ—
ക്കാകെയങ്ങുതാൻ തേജസ്സരുളുന്നു!
വെള്ളയാമൊരു പ്പച്ചിൽ മയങ്ങുമി—

ശ്ശുള്ളവരറിവീല നിൻപ്രാഭവം.
ഗാനകേളികളെന്തിനു? — ല്ലിന്നോഴം
മൌനശീലമേ പൂൎണ്ണതൻഗ്ഗുണം!
വീണ്ടും വീണ്ടുമപ്പൂൎണ്ണതയിങ്കലേ—
ക്കാണ്ട കൎണ്ണമിതഞ്ഞും നുകൎന്നതേ:—
"എത്രകണ്ടിരുൾക്കൊള്ളുമൊരല്ലിലെ—
ന്നദ്ദിഗന്തത്തെ നോക്കിയിക്ഷണം—
കാലചക്രം തിരിയുന്നതിയൊരു
കാൎയ്യസിദ്ധിയ്ക്കു വേണ്ടിയാണെങ്കിലോ,
പോരും പോരുമതെന്നൊരു പുഞ്ചിരി
പോലെ വെണ്മപ്പെടുന്നിതു വാനിടം."

സത്യമെന്നതിൻ മംഗളരൂപമു—
ണ്ടിദ്ധരയിലും പാഴ്നിഴലെന്നിയേ:
ക്കൂരിരുട്ടിന്നുദിക്കും പ്രസാദമി—
ങ്ങേറിയേറി പ്രഭാതമായ്ത്തീരുന്നു!

ചാട്ടുകുന്തങ്ങൾ ചുററും നിരന്നവ—
ന്നാട്ടവിദ്യകൾ താനേ ഒഴിയുന്നു;
മൎത്ത്യജന്മത്തിനുള്ളിൽക്കിടപ്പുണ്ടി
സ്സത്യദിവ്യതയെങ്കിൽസ്സുഖിതൻ ഞാൻ.

———

നിസ്സാരം.

(മഞ്ജരി)

I.

കല്ലോലമാലയിൽ—ആരുടെ ലീലയോ?—
വെള്ളാരങ്കല്ലൊന്നു വന്നു വീണു.
വാരുററ ത്തൈക്കതാൻ മററുള്ളവയൊത്തു
വാരിക്കരയ്ക്കിട്ടുള്ളൊന്നാണിതും.
അത്രമേലർക്കന്റെ ചുംബനത്താൽത്തെളി-
മുത്തായ്ക്കിടക്കെയി മുഗ്ധവസ്തു
മുത്തുച്ചിപ്പിക്കുള്ളി,ലന്ധതമിസ്രത്തി,-
ലെത്തുവാനേറെക്കൊതിക്കയാലോ,
വീണ്ടുമഗാധത്തി,ലാഴമുള്ളന്നള-
ന്നാണ്ടുതുടങ്ങിയതാം;—ക്കറിയാം!
സ്വൈരമായ് നിശ്ചിതസ്ഥാനത്തു നില്ക്കുന്ന
താരങ്ങൾ കണ്ടിരിക്കുന്നു രണ്ടും.
അല്ലെങ്കിലദ്ദീപ്തഗോളങ്ങൾ മററുമി-
ക്കല്ലിന്റെ രൂപാന്തരങ്ങളാമോ?
സർവ്വംവിഴുങ്ങിയാം ശൂന്യതയിങ്കലി-

സ്സംശയം പിന്നെയുമിട്ടു പാഴിൽ;
ബാലകൻ ഞാൻ വിശപ്പുപിണിതന്നുട-
ചേലയിൽ വീണ്ടും പിടിച്ചുതൂങ്ങി!

ഒച്ചയുണ്ടായില്ല, നക്കമുണ്ടായില്ലേം,-
രൊററക്കമിളയും പൊങ്ങിയില്ല;
ഇപ്പുരമാണവേ സ്വാഗതം ചെയ്യുവാൻ
നില്പതാംരാണിങ്ങപാരതയോ?
ഇച്ഛയാ തെന്നല്ല താരാട്ടുപാടാനൊരു
കൊച്ചലയേയും ജനിപ്പിയ്ക്കാതെ,
കണ്ണിൽപ്പെടാവുന്ന മണ്ഡലമില്ലാതെ,
വിണ്ണും നരകവുമൊന്നുചേരാതെ,
പുല്ക്കൊടിച്ചാർത്തിന്നുമാവശ്യമില്ലാതെ,-
യക്കൊട്ടും കാററിലും പെട്ടിടാതെ,
പൂങ്ങനിന്നൊന്നുമെങ്ങോട്ടെന്നുമില്ലാതെ,-
യെന്തിനാണെന്നുമറിഞ്ഞിടാതെ,
നിസ്സാരജീവിതാവസ്ഥയെക്കാട്ടിക്കൊ-
ണ്ടിസ്സന്ധ്യ കീഴ്പോട്ടു പോയിടുന്നു.

7 *

11

വെൽക നീ, വെൽക നീ, നിസ്സാരഭാവമേ,
ലോകത്തിൽ മേന്മകൾക്കാധാരമേ!
നഗ്നതയെന്നൊന്നു മൂലമായല്ലയോ
നൽപ്പട്ടുടുപ്പു വിലപ്പെടുന്നു?
വിജ്ഞാനത്തിന്നു വിശിഷ്ടത കിട്ടുന്ന-
തജ്ഞാനത്തിൻെറ കൈവേലയാൽത്താൻ.
എന്തൊരു ദീപ്തിയും മിന്നേണമെങ്കിലി-
യന്ധകാരച്ഛട പിന്നിൽ വേണം.
വെൽക നീ, വെൽക നീ, നിസ്സാരഭാവമേ,
ലോകത്തിൽ മേന്മകൾക്കാധാരമേ!

അല്ലെങ്കിലീയൊരു മൺതരി ചേർന്നു നി-
ന്നില്ലെങ്കിലെന്തുവാൻ ബ്രഹ്മാണ്ഡവും?
കെല്പററതെങ്കിലുമെൻകയ്യും ചെല്ലാഞ്ഞി-
ലപ്പോഴേ നിശ്ചലം കാലചക്രം!

കാലത്താത്തിരുവാതിരക്കളി കഴി-
ഞ്ഞെത്തും വിമുഗ്ദ്ധാക്ഷിതൻ
ബാലപ്പൂമ്പട്ടുമേനിയിൽപ്പരിമളം
ക്കൂട്ടും കുറിക്കൂട്ടിനാൽ
ചേലഞ്ചും പുളകാങ്കുരാംബരമണി-
ഞ്ഞാത്മേശ്വരൻ തൻകര-
ത്താലങ്ങിങ്ങു കുറിച്ച ചിത്രരചനോ-
ത്സാഹം ജയിക്കേണമേ!